2024
APRIL
23
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## തയ്‌വാന്റെ കിഴക്കൻ തീരത്തുണ്ടായത് 80ലധികം ഭൂചലനങ്ങൾ

**തായ്പേയ്:** തിങ്കളാഴ്ച രാത്രി തുടങ്ങി ചൊവാഴ്ച പുലർച്ചെ വരെ തയ്‌വാന്റെ കിഴക്കൻ തീരത്തുണ്ടായത് 80ലധികം ഭൂചലനങ്ങൾ.6.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളിൽ ചിലത് തയ്‌വാൻ തലസ്ഥാനമായ തായ്പേയിൽ കെട്ടിടങ്ങൾക്ക് നാശനഷ്ടമുണ്ടാക്കി. ഗ്രാമീണ കിഴക്കൻ മേഖലകൾ കേന്ദ്രീകരിച്ചായിരുന്നു ഭൂചലനങ്ങളിൽ ഭൂരിപക്ഷവും ഉണ്ടായത്. സംഭവത്തിൽ ആളപായമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഏപ്രിൽ 3നു 7.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ 14 പേർ മരിച്ചിരുന്നു. അതിനുശേഷം നൂറുകണക്കിന് തുടർചലനങ്ങളാണ് തയ്‌വാനിലുണ്ടായത്. ഏപ്രിൽ മൂന്നിനുണ്ടായ ഭൂചലനത്തിൽ കേടുപാടുകൾ സംഭവിച്ചതും ഇപ്പോൾ പ്രവർത്തിക്കാത്തതുമായ ഒരു ഹോട്ടൽ കെട്ടിടം ഒരുവശത്തേക്ക് ചെറുതായി ചാഞ്ഞിരിക്കുകയാണെന്ന് ഹുവാലിയനിലെ അഗ്നിശമന വിഭാഗം അറിയിച്ചു.

2016ൽ തെക്കൻ തയ്‌വാനിലുണ്ടായ ഭൂകമ്പത്തിൽ നൂറിലധികം പേർ മരിച്ചിരുന്നു. 1999ൽ റിക്ടർ സ്‌കെയിലിൽ 7.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ രണ്ടായിരത്തിലധികം പേരാണ് മരിച്ചത്.

## ഇസ്രായേൽ വൻ തിരിച്ചടിക്ക് പദ്ധതിയിട്ടു

**ടെൽഅവീവ്:** ഇറാൻ നടത്തിയ ആക്രമണത്തിൽ വൻ തിരിച്ചടിക്കാണ് ഇസ്രായേൽ പദ്ധതിയിട്ടിരുന്നതെന്ന് റിപ്പോർട്ട്. ലോകരാജ്യങ്ങളുടെ സമ്മർദ്ദത്തെ തുടർന്ന്, യുദ്ധം ഒഴിവാക്കാനായി ഇസ്രായേൽ അത് വേണ്ടെന്ന് വയ്ക്കുകയായിരുന്നെന്നും റിപ്പോർട്ടുകൾ പറയുന്നു. ടെഹ്റാനിലുൾപ്പെടെ ഇറാനിലുടനീളമുള്ള സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ആക്രമണം നടത്താനായിരുന്നു പദ്ധതി. ഇതിനായി ചർച്ചകൾ നടന്നിരുന്നുവെന്നും ഇസ്രായേലുമായി ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.



ഇത്തരത്തിൽ വിനാശകരമായ ഒരു ആക്രമണം ഇറാന് ഒരിക്കലും അവഗണിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ പ്രത്യാക്രമണം അത്രമേൽ ശക്തമാകും. ഇത് മധ്യപൂർവ ദേശത്ത് വലിയ പ്രാദേശിക സംഘർഷത്തിന് കാരണമാകും. യുദ്ധസമാനസാഹചര്യമാകും വന്നുചേരുക. ഇതൊക്കെ മുന്നിൽ കണ്ട് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും ബ്രിട്ടൻ, ജർമനി എന്നിവിടങ്ങളിലെ വിദേശകാര്യമന്ത്രിമാരും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി സംസാരിച്ചു. തുടർന്നാണ് പരിമിതമായ രീതിയിൽ വൻനാശനഷ്ടങ്ങളുണ്ടാക്കാതെയുള്ള തിരിച്ചടി നല്കാൻ തിരുമാനിച്ചതെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ഇസ്രായേൽ ചെറിയ മിസൈലുകളാണ് ഇറാനിൽ വർഷിച്ചത്. ഒപ്പം ചെറു ഡ്രോണുകളും. ഇറാന്റെ വ്യോമ പ്രതിരോധ സേനയെ ആശയക്കുവപ്പത്തിലാക്കാണ് ഇങ്ങനെ ചെയ്തതെന്നും ഇസ്രായേൽ വൃത്തങ്ങൾ കൂട്ടിച്ചേർത്തു.

അതിനിടെ ഒക്ടോബർ ഏഴിനുണ്ടായ ഹമാസ് ഭീകരാക്രമണം തടയാൻ പരാജയപ്പെട്ടെന്ന കാരണത്താൽ ഇസ്രായേൽ സൈന്യത്തിന്റെ രഹസ്യാന്വേഷണ വിഭാഗം മേധാവി രാജിവച്ചു. അഹറോൺ ഹാലിവയാണ് രജിവച്ചത്. ഹമാസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജി വച്ച ഇസ്രായേലിലെ ആദ്യത്തെ മുതിർന്ന ഉദ്യോഗസ്ഥനാണ് ഹാലിവ. ഒക്ടോബറിൽ ഹമാസിന്റെ ആക്രമണമുണ്ടായതിന് പിന്നാലെ, ആക്രമണം തടയാൻ കഴിയാഞ്ഞതിന്റെ മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുക്കുന്നതായി ഹാലിവ പറഞ്ഞിരുന്നു.

## സ്വർണത്തിൽ മുതലെടുക്കാൻ ധനകാര്യ സ്ഥാപനങ്ങൾ

**കൊച്ചി:** സ്വർണ വിലയിലെ കുതിപ്പ് മുതലെടുക്കാൻ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പുതുതന്ത്രങ്ങൾ മെനയുന്നു. സ്വർണത്തിൻറെ മൊത്തം വിലയുടെ 90 ശതമാനം തുക വായ്പയായി നൽകുന്നതു മുതൽ പലിശ നിരക്കിൽ ഇളവും വിവിധ ബാങ്കുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

മുത്തൂറ്റ് ഫിനാൻസ്, മണപ്പുറം, മുത്തൂറ്റ് ഫിൻകോർപ്പ് തുടങ്ങിയ സ്വർണ വായ്പയിലധിഷ്ഠിതമായി പ്രവർത്തിക്കുന്നകമ്പനികളുടെ വായ്പാ വിരണത്തിൽ ഈ വർഷം 15 ശതമാനത്തിലധികം വളർച്ചയുണ്ടാകുമെന്ന് അനലിസ്റ്റുകൾ പറയുന്നു. ഇതോടൊപ്പം പൊതുമേഖലാ, സ്വകാര്യ ബാങ്കുകളും സ്വർണ പണയത്തിൻറെ സാധ്യതകൾ കൂടുതൽ ഉപയോഗിക്കാനൊരുങ്ങുകയാണ്.

സ്വർണ വില റെക്കോഡുകൾ കീഴടക്കി കുതിച്ചതോടെ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നിലവിലുള്ള വായ്പകൾ പുതുക്കിവയ്ക്കാൻ നിരവധി ആനുകൂല്യങ്ങളാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്. കഴിഞ്ഞ രണ്ട് മാസമായി സ്വർണ പണയ വായ്പകളിൽ നിന്നും പരമാവധി നേട്ടമുണ്ടാക്കാൻ ഉപഭോക്താക്കൾ സജീവമായി രംഗത്തുണ്ടെന്ന് ധനകാര്യ മേഖലയിലുള്ളവർ പറയുന്നു. ഇപ്പോഴത്തെ വിലയിൽ സ്വർണ പണയ വായ്പ പുതുക്കി വവച്ചാൽ പവന് 4,000 രൂപയിലധികം ലഭിക്കുമെന്നതാണ് ഉപഭോക്താക്കൾക്ക് ആവേശം സൃഷ്ടിക്കുന്നത്.

ഇന്നലെ കേരളത്തിൽ സ്വർണ വില പവന് 54,040 രൂപയാണ്. ഇതിനിടെ ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്ക് (എൻബിഎഫ്സി) മേധാവിത്തമുള്ള സ്വർണപ്പണയ ബിസിനസിൽ കൂടുതൽ വിഹിതം നേടാനുള്ള ശ്രമത്തിലാണ് വാണിജ്യ ബാങ്കുകൾ. ഈടില്ലാത്ത വായ്പകളുടെ വിതരണത്തിന് റിസർവ് ബാങ്ക് കടുത്ത നിയന്ത്രണങ്ങളും അധിക ബാധ്യതകളും ഏർപ്പെടുത്തിയതിനാൽ സ്വർണപ്പണയ രംഗത്ത് വലിയ സാധ്യതയാണുള്ളതെന്ന് ബാങ്കുകൾ വിലയിരുത്തുന്നു. സ്വർണ വായ്പാ പദ്ധതികളിൽ ഇതുവരെ വലിയ ശ്രദ്ധ നൽകാതിരുന്ന പൊതുമേഖലാ ബാങ്കുകളെല്ലാം ഈ രംഗത്ത് കൂടുതൽ വളർച്ച നേടാനുള്ള ശ്രമത്തിലാണ്.

ഇതിനിടെ, പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങളിൽ അയവുണ്ടായതോടെ സംസ്ഥാനത്ത് സ്വർണ വില ഇന്നലെ പവൻ വില 400 രൂപ കുറഞ്ഞ് 54,040 രൂപയിലെത്തി. ഗ്രാമിൻറെ വില 50 രൂപ കുറഞ്ഞ് 6,755 രൂപയായി. യുഎസ് ബോണ്ടുകളുടെ മൂല്യത്തിൽ വർധനയുണ്ടായതോടെ നിക്ഷേപകർ സ്വർണത്തിൽ നിന്നും പണം പിൻവലിച്ചു. രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 2,350 ഡോളറിലാണ് വ്യാപാരം നടത്തുന്നത്.



# ആമസോണിൽ ഫാഷൻ സ്പ്രിംഗ്സമ്മർ 24 സ്റ്റോർ

**കൊച്ചി** : ആമസോൺ ഫാഷൻ സ്പ്രിംഗ് സമ്മർ'24 സ്റ്റോർ ആരംഭിച്ചു. 200 ലധികം ഫാഷൻ, ബ്യൂട്ടി ബ്രാൻഡുകളിലെ 1000 ത്തിൽപരം ഉൽപ്പന്നങ്ങളാണ് സ്റ്റോറിൽ ഉള്ളത്. സമ്മർ ഓഫ് ലവ്, ഇൻഡി സമ്മേഴ്സ്, ഹെറിറ്റേജ് ഗെറ്റ്എവേ ബീച്ച് ഡ്രീം, എക്സ്പ്ലോറർ ക്ലബ്, ലാസ്റ്റ് റിസോർട്ട് മുതലായ സെലക്ഷനുകൾ ലഭ്യമാണ്.ടോമി ഹിൽഫിഗർ, ഒൺലി, അൽഡോ, ബിബ, ണ, വെറോ മോഡ, ഔറേലിയ, ഗെസ്സ്, കാസിയോ, വാൻ ഹൂസ്സെൻ, ലെവിസ്, സ്കെച്ചേർസ്, ക്ലാർക്ക്സ്, പ്യൂമ, ടൈറ്റാൻ, റേബാൻ, റാംഗ്ലർ, ലെൻസ്!കാർട്ട്, ഹൈഡ്!സൈൻ, മിനിമലിസ്റ്റ് തുടങ്ങിയ ബ്രാൻഡുകളുടെ കളക്ഷൻ ലഭ്യമായിരിക്കും.

# പ്രീമിയർ എനർജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ രണ്ടാമത്തെ ഏറ്റവും വലിയ സംയോജിത സോളാർ സെൽ, സോളാർ മൊഡ്യൂൾ നിർമാതാക്കളായ പ്രീമിയർ എനർജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനി 1500 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 2.82 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



# സോണി ഇന്ത്യ ബ്രാവിയ തിയേറ്റർ ക്വാഡ് അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യ, ഹോം സിനിമാറ്റിക് അനുഭവത്തെ പുനർനിർവചിക്കുന്ന തകർപ്പൻ ഓഡിയോ സിസ്റ്റമായ ബ്രാവിയ തിയറ്റർ ക്വാഡ് വിപണിയിൽ അവതരിപ്പിച്ചു. ഹോം എൻറർടെയ്ൻമെൻറ് രംഗത്ത് വിപ്ലവം സൃഷ്ടിക്കുന്ന ബ്രാവിയ തിയറ്റർ ക്വാഡ്, കാഴ്ച്ചക്കാർക്ക് അവരുടെ പ്രിയപ്പെട്ട സിനിമകളും ടിവി ഷോകളും കൂടുതൽ ആകർഷകമായി ലഭിക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. അത്യാധുനിക സാങ്കേതികവിദ്യയും രൂപകൽപനയും സമന്വയിപ്പിച്ച് സമാനതകളില്ലാത്ത ശബ്ദ നിലവാരവും ആവേശവും ബ്രാവിയ തിയേറ്റർ ക്വാഡ് നൽകും. 360 സ്പേഷ്യൽ സൗണ്ട് മാപ്പിങ്, സൗണ്ട് ഫീൽഡ് ഒപ്റ്റിമൈസേഷൻ ഐമാക്സ് എൻഹാൻസ്ഡ് ഡോൾബി അറ്റ്മോസ് തുടങ്ങിയ മികച്ച ഫീച്ചറുകൾക്കൊപ്പമാണ് പുതിയ ഓഡിയോ സിസ്റ്റം വരുന്നത്. ഏറെ ആകർഷകമായ പ്രീമിയം ഡിസൈനാണ് ബ്രാവിയ തിയേറ്റർ ക്വാഡിന്.

വോയ്സ് ് സൂം3. പുതിയ ബ്രാവിയ കണക്റ്റ് ആപ്പ്, ഓഡിയോ അനുഭവം മെച്ചപ്പെടുത്തുന്നതിന് ഓപ്ഷണൽ വയർലെസ് സബ്വൂഫർ എന്നിവയും ബ്രാവിയ തിയേറ്റർ ക്വാഡ് വാഗ്ദാനം ചെയ്യുന്നു. 2024 ഏപ്രിൽ 22 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകൾ (സോണി സെൻറർ , സോണി എക്സ്ക്ലൂസീവ്), www.ShopatSC.com പോർട്ടൽ, ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇ കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിലുടനീളം ബ്രാവിയ തിയേറ്റർ ക്വാഡ് ലഭ്യമാകും. 1,99,990 രൂപയാണ് വില.

# ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ഗ്രാമീൺ മഹോത്സവം അവതരിപ്പിച്ചു

**ഗുരുഗ്രാം:** രാജ്യത്തിന്റെ എല്ലാ കോണുകളിലുമുള്ള ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്, ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ 'ഗ്രാമീൺ മഹോത്സവം' അവതരിപ്പിക്കുന്നു ഗ്രാമീണ ഇന്ത്യയുടെ സത്ത ആഘോഷിക്കുന്ന ഒരു ഊർജ്ജസ്വലമായ സംരംഭം. ഗ്രാമീണ വിൽപനയുടെ മൊത്തം വിൽപ്പനയുടെ 19% വരുന്നതിനാൽ, ഗ്രാമീണ സമൂഹങ്ങളുമായി ശക്തമായ ബന്ധം വളർത്തിയെടുക്കാൻ പ്രതിജ്ഞാബദ്ധമാണ്.



# മഞ്ഞപ്പാരയുടെ വിത്തുൽപാദനം വിജയം, അഭിമാന നേട്ടവുമായി സിഎംഎഫ്ആർഐ

**കൊച്ചി:** സമുദ്രമത്സ്യകൃഷിയിൽ വലിയ മുന്നേറ്റത്തിന് വഴിതുറന്ന് മഞ്ഞപ്പാരയുടെ (ഗോൾഡൻ ട്രെവാലി) കൃത്രിമ വിത്തുൽപാദനം വിജയകരമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകരാണ് അഞ്ച് വർഷത്തെ പരീക്ഷണത്തിനൊടുവിൽ ഈ മീനിന്റെ വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിച്ചത്. ഭക്ഷണമായി കഴിക്കാനും അലങ്കാരമത്സ്യമായും ഉപയോഗിക്കുന്ന ഉയർന്ന വിപണി മൂല്യമുള്ള മത്സ്യമാണ് മഞ്ഞപ്പാര.

കൃഷിയിലൂടെ സമുദ്രമത്സ്യോൽപാദനം കൂട്ടാൻ സഹായിക്കുന്നതാണ് ഈ നേട്ടം. മികച്ച വളർച്ചാനിരക്കും ആകർഷകമായ രുചിയുമാണ് ഈ മീനിന്. അതിനാൽ തന്നെ കടൽകൃഷിയിൽ വലിയ നേട്ടം കൊയ്യാനാകും. സിഎംഎഫ്ആർഐയുടെ വിശാഖപട്ടണം റീജണൽ സെന്ററിലെ സീനിയർ സയന്റിസ്റ്റ് ഡോ റിതേഷ് രഞ്ജന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘമാണ് നേട്ടത്തിന് പിന്നിൽ.

ഇവയുടെ പ്രജനന സാങ്കേതികവിദ്യ വിജയകരമായതോടെ, കടലിൽ കൂടുമത്സ്യകൃഷി പോലുള്ള രീതികളിൽ വ്യാപകമായി ഇവയെ കൃഷി ചെയ്യാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. കിലോക്ക് 400 മുതൽ 500 വരെയാണ് ഇവയുടെ ശരാശരി വില.

ഭക്ഷണമായി കഴിക്കാൻ മാത്രമല്ല, അലങ്കാരമത്സ്യമായും മഞ്ഞപ്പാരയെ ഉപയോഗിക്കുന്നുണ്ട്. ആഭ്യന്തരവിദേശ വിപണികളിൽ ആവശ്യക്കാരേറെയാണ്. ഈ ഇനത്തിലെ ചെറിയമീനുകളെയാണ് അലങ്കാരമത്സ്യമായി ഉപയോഗിക്കുന്നത്. ചെറുമീനുകൾക്ക് കൂടുതൽ സ്വർണ്ണനിറവും ആകർഷണീയതയുമുണ്ട്. വലിയ അക്വേറിയങ്ങളിലെല്ലാം ഇവയെ പ്രദർശിപ്പിക്കാറുണ്ട്. അലങ്കാര മത്സ്യ വിപണിയിൽ മീനൊന്നിന് 150 മുതൽ 250 രൂപ വരെയാണ് വില.

പവിഴപ്പുറ്റുകളുമായി ചേർന്ന് സ്രാവ്, കലവ തുടങ്ങിയ മത്സ്യങ്ങളുടെ കൂട്ടത്തിലാണ് മഞ്ഞപ്പാര ജീവിക്കുന്നത്. സ്രാവുകളുടെ സഞ്ചാരപഥത്തിൽ വഴികാട്ടികളായി ഈ ഇനത്തിലെ ചെറിയമീനുകളെ കാണാറുണ്ട്. ഇന്ത്യയിൽ തമിഴ്നാട്, പുതുച്ചേരി, കേരളം, കർണാടക, ഗുജറാത്ത് എന്നിവിടങ്ങളിലാണ് കാണപ്പെടുന്നത്. എന്നാൽ മത്സ്യബന്ധനം വഴി ഇവയുടെ ലഭ്യത കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. 2019ൽ 1106 ടൺ ഉണ്ടായിരുന്നത് 2023ൽ 375 ടണ്ണായി കുറഞ്ഞു.

മാരികൾച്ചർ രംഗത്ത് ഒരു നാഴികക്കല്ലായി ഈ നേട്ടം അടയാളപ്പെടുത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. കടലിൽ ലഭ്യത കുറയുന്ന സാഹചര്യത്തിൽ, ഇവയുടെ കൃത്രിമ പ്രജനനത്തിലെ വിജയത്തിന് അതീവ പ്രാധാന്യമുണ്ട്. കൃഷിയിലൂടെയും സീറാഞ്ചിംഗിലൂടെയും ഇവയുടെ ഉൽപാദനം കൂട്ടാൻ ഇത് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഹാഫെലെ ബ്രാൻഡ് അംബാസഡറായി സച്ചിൻ ടെണ്ടുൽക്കർ



**കൊച്ചി:** 100 വർഷത്തിലേറെ അന്താരാഷ്ട്ര പാരമ്പര്യമുള്ള ഇന്റീരിയർ സൊല്യൂഷൻസ് സെഗ്മെന്റിലെ ആഗോള തലവനായ ഹാഫെലെ തങ്ങളുടെ ഇന്ത്യൻ സബ്സിഡിയറിയുടെ ബ്രാൻഡ് അംബാസഡറായി ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറെ പ്രഖ്യാപിച്ചു. . ഒരു ബ്രാൻഡ് അംബാസഡർ എന്ന നിലയിൽ, 'മാക്സിമൈസിങ് ദി വാല്യൂ ഓഫ് സ്പേസ്' എന്ന ബ്രാൻഡിന്റെ ഉദ്ദേശ്യം വർദ്ധിപ്പിക്കുന്നതിന് സച്ചിൻ ഹാഫെലെയുമായി അടുത്ത് സഹകരിക്കും.ഹാഫെലെയുമായി സഹകരിക്കുന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്. ഞങ്ങളുടെ ടീമുകൾക്കിടയിൽ ഒരു വലിയ മൂല്യമുള്ള മത്സരം ഉണ്ടെന്ന് ഞങ്ങൾക്ക് തോന്നിയതിനാലാണ് ഞങ്ങൾ ഈ യാത്ര ആരംഭിച്ചത്. എനിക്ക് ഭക്ഷണത്തിലും പാചകത്തിലും താൽപ്പര്യമുണ്ട്, നല്ല അടുക്കളയാണ് ഓരോ കുടുംബത്തിനും സ്വാദിഷ്ടമായ സന്തോഷം നൽകുന്നത്. തങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും മികച്ചവരാകാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ യുവാക്കൾ നൂതനവും അത്യാധുനികവുമായ പരിഹാരങ്ങൾ തേടുന്നു. ഹാഫെലെയുടെ ഡിസൈൻ സെന്റർ സന്ദർശിച്ചപ്പോൾ, ഞാൻ ഇത് പ്രവർത്തിയിൽ കണ്ടു. 'മാക്സിമൈസിങ് ദി വാല്യൂ ഓഫ് സ്പേസ്' എന്ന ബ്രാൻഡ് ഫിലോസഫി എനിക്ക് മുന്നിൽ നിന്നു. ഞാൻ ഈ ബന്ധത്തിനായി കാത്തിരിക്കുന്നു, ഞങ്ങളുടെ സംയുക്ത ലക്ഷ്യങ്ങളിൽ ഞങ്ങൾ അടുത്ത് പ്രവർത്തിക്കുന്നത് തുടരുന്നതിനാൽ ടഞാ സ്പോർട്സ് മാനേജ്മെന്റ് (ടഞാടങ), ഹാഫെലെ ടീമുകൾക്ക് എല്ലാ ആശംസകളും നേരുന്നു.' സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു.

ഹാഫെലെ ഗ്ലോബൽ നെറ്റ്‌വർക്കിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സബ്സിഡിയറിയായ ഹാഫെലെ ഇന്ത്യ 2003 മുതൽ ഇന്ത്യയിൽ പ്രവർത്തിക്കുന്നു.



# പെൽവിക്, അസറ്റാബുലാർ സർജൻമാരുടെ ദേശീയ സമ്മേളനം സമാപിച്ചു

**കൊച്ചി:** ചലനശേഷി, ജീവിത നിലവാരം എന്നിവയെ സാരമായി ബാധിക്കുന്ന ഇടുപ്പിലെ അസ്ഥി ക്ഷതവും ഒടിവുകളും പരിഹരിക്കുന്ന നൂതന ശസ്ത്രക്രിയകളും, ചികിത്സാരീതികളും സംബന്ധിച്ച പൊതുജനാവബോധം അനിവാര്യമാണെന്ന് സീനിയർ ഹാർട്ട് ട്രാൻസ്പ്ലാൻറ് സർജൻ പത്മശ്രീ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു.

കൊച്ചിയിലെ ലെ മെറിഡിയനിൽ ആരംഭിച്ച അസോസിയേഷൻ ഓഫ് പെൽവിക് ആൻഡ് അസറ്റാബുലാർ സർജൻസിന്റെ (എഒപിഎഎസ്) വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇടുപ്പെല്ല്, തുടയെല്ല്, സോക്കറ്റ് എന്നിവയുടെ തകരാറുകളും, പൊട്ടലുകളും പരിഹരിക്കുന്ന അസ്ഥിരോഗ ശസ്ത്രക്രിയാ വിദഗ്ദ്ധരുടെ സംഘടനയാണ് അസോസിയേഷൻ ഓഫ് പെൽവിക് ആൻഡ് അസറ്റാബുലാർ സർജൻസ്.

ശരീര ഭാരം താങ്ങി സ്ഥിരതയോടെ നർത്തുക, കാലുകളുടെ ചലനം സാധ്യമാക്കുക എന്നീ സുപ്രധാന കടമകൾ നിറവേറ്റുന്ന അസ്ഥികളാണ് പെൽവിസും ഇടുപ്പെലുകളും. അത് നാം അറിയാതെ വിലമതിക്കാതെ പോവരുത്, ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു.

കടുത്ത പെൽവിക്, ഹിപ് ജോയിന്റ് പ്രശ്നങ്ങൾക്ക് കാരണമാകുന്ന അസ്ഥിക്ഷയവും, ഒടിവുകളും ഉൾപ്പെടെ, വിവിധ ഘടകങ്ങളെ കുറിച്ച് സംഘാടക സമിതി ചെയർമാനും എ. ഒ. പി. എ. എസ് പ്രസിഡന്റുമായ ഡോ. ജോസ് പാപ്പനാശേരി വിശദീകരിച്ചു.

വീഴ്ചകളും വാഹനാപകടങ്ങളും പെൽവിക് ഒടിവുകൾക്കും ഇടുപ്പിലെ സന്ധി ഒടിവുകൾക്കും കാരണമാകും.

അസ്ഥികളുടെ സാന്ദ്രത കുറയാൻ കാരണമാകുന്ന ഓസ്റ്റിയോപൊറോസിസ് ഉള്ള പ്രായമായ വ്യക്തികൾക്ക് ഇതിന് സാധ്യത ഏറെയാണെന്ന് ഡോ. ജോസ് പാപ്പനാശേരി പറഞ്ഞു.

ഓരോ വ്യക്തിയുടെയും പെൽവിക് അസറ്റാബുലാർ പ്രശ്നങ്ങളുടെ സങ്കീർണതകൾ മനസ്സിലാക്കിയുള്ള കൃത്യമായ ശസ്ത്രക്രിയ നടപടികൾ നടത്തേണ്ടതിന്റ പ്രാധാന്യം എഒപിഎഎസ് ഓർഗനൈസിങ് സെക്രട്ടറി ഡോ.സജി തോമസ് വിശദീകരിച്ചു.

എക്സ്റേ, സിടി സ്കാനുകൾ അല്ലെങ്കിൽ എംആർഐ സ്കാൻ പോലുള്ള ഇമേജിംഗ് പഠനങ്ങൾ എന്നിവയ്ക്ക് ശേഷമാണ് ശസ്ത്രക്രിയ. ശസ്ത്രക്രിയാനന്തര പരിചരണം നിർണായകമാണ്. രോഗികളെ ചലനശേഷിയും ശക്തിയും വീണ്ടെടുക്കാൻ സഹായിക്കുന്നതിന് സൂക്ഷ്മമായ നിരീക്ഷണം, പുനരധിവാസം, ഫിസിക്കൽ തെറാപ്പി ദീർഘകാല ഫോളോഅപ്പ് എന്നിവ അത്യാവശ്യമാണ്.

ഓർഗനൈസിങ് ചെയർമാൻ ഡോ. ജോസ് പാപ്പനാശേരി, എ.ഒ.പി. എ. എസ് ഓർഗനൈസിംഗ് സെക്രട്ടറിയും, പെൽവിസ് അസറ്റാബുലാർ സർജൻസ് കേരള (ജഅടഗ) സെക്രട്ടറിയുമായ ഡോ. സജി തോമസ്, പാസ്ക് പ്രസിഡന്റ് ഡോ.ടോണി കവലക്കാട്ട്; ഡോ.ബാബു ജോസഫ്, പാസ്ക്; എഒപിഎഎസ് സെക്രട്ടറി ഡോ.അതുൽ പാട്ടീൽ, കെ.ഒ.എ പ്രസിഡന്റ് ഡോ.അനീൻ നമ്പിക്കുട്ടി; ഡോ.ആന്റണി ജോസഫ് തോപ്പിൽ, കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റ് ഡോ.ഡെന്നിസ് പി.ജോസ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

വെള്ളിയാഴ്ച അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ശിൽപശാലകളോടെയാണ് സമ്മേളനം ആരംഭിച്ചത്. പ്രതിനിധികൾക്കായി സിന്തറ്റിക് ബോണുകളും ശവശരീരങ്ങളും ഉപയോഗിച്ച് പെൽവിഅസെറ്റാബുലാർ സർജറിയിൽ ശിൽപശാല നടന്നു. ഇതോടൊപ്പം പ്രത്യേക സോ ബോൺ വർക്ക് ഷോപ്പും നടന്നു.

രണ്ട് ദിവസങ്ങളിലായി രണ്ട് സമാന്തര ട്രാക്കുകളിലാണ് സയന്റിഫിക് സെഷനുകൾ നടന്നത്. ശസ്ത്രക്രിയാ നടപടിക്രമങ്ങൾ, പെൽവിക് പരിക്കുകൾക്കുള്ള പരിഹാരങ്ങൾ, സമീപനങ്ങൾ, സങ്കീർണ്ണമായ പെൽവിക് പരിക്കുകൾ, ഇടുപ്പ് സ്ഥാനഭ്രംശം, അസറ്റാബുലാർ ഒടിവുകൾ, അസറ്റാബുലാർ ഫിക്സേഷൻ, പെൽവിക് ഒടിവുകളുടെ ഘട്ടം ഘട്ടമായുള്ള പുനർനിർമ്മാണം തുടങ്ങിയ വിഷയങ്ങൾ വിദഗ്ദ്ധർ അവതരിപ്പിക്കുന്നുണ്ട്. വയോജനങ്ങളിലെ ഇടുപ്പ് ഫ്രാക്ചറുകൾക്കുള്ള പരിഹാരം ' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണവും നടന്നു.

ഓസ്ട്രേലിയ, സൗദി അറേബ്യ, നേപ്പാൾ, ബംഗ്ലാദേശ് എന്നിവയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള പ്രൊഫ. സിതോംബോ, എത്യോപ്യയിൽ നിന്നുള്ള ഡോ. സാമുവൽ ഹൈലു, ധാക്കയിൽ നിന്നുള്ള പ്രൊഫ. മുഹമ്മദ് ഇസ്ലാം, തായ്‌ലൻഡിൽ നിന്നുള്ള ഡോ. റാഹത്ത്, യുഎസ്എയിൽ നിന്നുള്ള ഡോ. തക്കർ, മൊഹാലിയിൽ നിന്നുള്ള ഡോ. രമേഷ് സെൻ തുടങ്ങിയ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകി.



# ദക്ഷിണേഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പ്: ഇന്ത്യക്ക് കിരീടം

**കൊച്ചി:** കൊച്ചിയിൽ സമാപിച്ച പ്രഥമ സൗത്ത് ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് കിരീടം. നേപ്പാൾ റണ്ണേഴ്സ് അപ്പായി. ശ്രീലങ്കയ്ക്കാണ് മൂന്നാം സ്ഥാനം. തേവര സേക്രഡ് ഹാർട്ട് കോളജിൽ നടന്ന ചാമ്പ്യൻഷിപ്പിൽ മാലിദ്വീപ്, ബംഗ്ലാദേശ് രാജ്യങ്ങളിൽ നിന്നുള്ള താരങ്ങളും പങ്കെടുത്തു. സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ 15 വീത സ്വർണം നേടിയാണ് ഇന്ത്യയുടെ കിരീടനേട്ടം. ഓരോ വീതം വെള്ളിയും, ജൂനിയറിൽ ഒരു വെങ്കലവും ഇന്ത്യ നേടി.

ഇരുവിഭാഗങ്ങളിലായി 2 സ്വർണവും, 15 വെള്ളിയും, 20 വെങ്കലവുമാണ് നേപ്പാൾ നേടിയത്. 15 വെള്ളിയും, 19 വെങ്കലവുമാണ് ശ്രീലങ്കയുടെ സമ്പാദ്യം. മലയാളി താരം അർജുൻ എ.ആർ സീനിയർ 90 കി.ഗ്രാം വിഭാഗത്തിൽ ഇന്ത്യക്കായി സ്വർണം നേടി. ജൂനിയർ പെൺ 44 കി.ഗ്രാം വിഭാഗത്തിൽ കൊച്ചി സ്വദേശി റൊവാന മരിയ രാജൻ വെള്ളി നേടി. മലപ്പുറം സ്വദേശിയായ അർജുൻ തന്നെയാണ് മികച്ച പുരുഷ താരം. ഇന്ത്യയുടെ തന്നെ പൂജ മികച്ച വനിതാ താരമായി തിരഞ്ഞെടുക്കപ്പെട്ടു. ജൂനിയറിൽ നേപ്പാളിന്റെ ദിക്ഷ, ഇന്ത്യയുടെ ധർമേന്ദർ എന്നിവരാണ് മികച്ച താരങ്ങൾ. കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. ഇന്റർനാഷണൽ കുറാഷ് അസോസിയേഷൻ ടെക്നിക്കൽ ഡയറക്ടർ രവി കപൂർ, കേരള കുറാഷ് അസോസിയേഷൻ പ്രസിഡന്റ് വിവേക് വേണുഗോപാൽ എന്നിവർ സംസാരിച്ചു. സമാപന ചടങ്ങിൽ കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റും സംഘാടക സമിതി ചെയർമാനുമായ രാജൻ വർഗീസ്, അഭിനേതാക്കളും മോഡലുകളുമായ റിതു മന്ത്ര, രഞ്ജിത മേനോൻ, ഡോ.പ്രശാന്ത് നായർ എന്നിവർ ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

# അമൃത വിശ്വവിദ്യാപീഠത്തിൽ സവിഷ്കാര 2024 ടെക് ഫെസ്റ്റിന് തുടക്കമായി

**കൊച്ചി:** അമൃത വിശ്വ വിദ്യാപീഠം കൊച്ചി ക്യാമ്പസിൽ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഐടി വിഭാഗത്തിന്റെ നേതൃത്വത്തിൽ സവിഷ്കാര 2024 ടെക് ഫെസ്റ്റിന് തുടക്കമായി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫസർ ഡോ. എം.ബി സന്തോഷ് കുമാർ ഉദ്ഘാടനം നിർവഹിച്ചു. അമൃത വിശ്വവിദ്യാപീഠം കൊച്ചി കാമ്പസ് ഡയറക്ടറും ഡീനുമായ ഡോ.യു കൃഷ്ണകുമാർ, വൈസ് പ്രിൻസിപ്പൽ കെ. ശ്രീകുമാർ കമ്പ്യൂട്ടർ സയൻസ്




വിഭാഗം മേധാവി ഡോ. ജെ. സംഗീത തുടങ്ങിയവർ സംസാരിച്ചു . ഐഇഡിസി, സിഎസ്ഐ, ഐഐസി എന്നിവയുടെ സഹകരണത്തോടെയാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഐടി രംഗത്തെ വിദഗ്ധർ നയിക്കുന്ന ക്ലാസുകളും വിവിധ ഗെയിമുകളും നടത്തുന്നുണ്ട്.



# സ്റ്റെന്റിന് കുറവ് വന്നാൽ പരിഹരിക്കാൻ നടപടി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഹൃദ്രോഗ ചികിത്സയ്ക്കായുള്ള സ്റ്റെന്റിന് കുറവ് വന്നാൽ പരിഹരിക്കാൻ നടപടി സ്വീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്റ്റെന്റില്ലാത്തതിനാൽ ഒരാശുപത്രിയിലും ആൻജിയോപ്ലാസ്റ്റി മുടങ്ങിയിട്ടില്ല. ഏതെങ്കിലും മെഡിക്കൽ കോളേജിൽ കുറവുണ്ടായാൽ സ്റ്റെന്റുകൾ ആശുപത്രികളിൽ നേരിട്ടെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ ആശുപത്രിയും സ്റ്റെന്റിന്റെ സ്റ്റോക്ക് വിവരം കൃത്യമായി വിലയിരുത്താനും കുറവ് വരാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും ആശുപത്രി സൂപ്രണ്ടുമാർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഹൃദ്രോഗ ചികിത്സയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ജില്ലാ, ജനറൽ ആശുപത്രികളിൽ കൂടി കാത്ത് ലാബുകൾ സ്ഥാപിക്കുകയും ആൻജിയോഗ്രാമും ആൻജിയോ പ്ലാസ്റ്റിയും യാഥാർത്ഥ്യമാക്കുകയും ചെയ്തു. കാസർഗോഡ് ജില്ലയിലും വയനാട് ജില്ലയിലും സർക്കാർ ആശുപത്രികളിൽ ആൻജിയോപ്ലാസ്റ്റി യാഥാർത്ഥ്യമാക്കി. ഇടുക്കി ജില്ലയിൽ കൂടി കാത്ത്‌ലാബ് സജ്ജമാകുന്നതോടെ എല്ലാ ജില്ലയിലും ഈ ചികിത്സാ സംവിധാനം ലഭ്യമാകുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള സർജറികൾ വിജയകരമായി നടത്തി വരുന്നു. മറ്റ് പ്രധാന മെഡിക്കൽ കോളേജുകളിൽ സങ്കീർണമായ ഹൃദയ ശസ്ത്രക്രിയകളും നടത്തി വരുന്നു. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിൽ ന്യൂറോ കാത്ത് ലാബ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.

ഏറ്റവും കുറഞ്ഞ നിരക്കിൽ അന്താരാഷ്ട്ര ഗുണമേന്മയുള്ള ഹൃദയ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് കാത്ത് ലാബുകൾ സജ്ജമാക്കിയത്. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ്‌മേക്കർ, കാലിലെ രക്തധമനികളുടെ തടസം നീക്കുക, ഹൃദയമിടിപ്പിലെ വ്യതിയാനങ്ങൾ പരിഹരിക്കുക തുടങ്ങിയ ചികിത്സകൾക്കാണ് കാത്ത് ലാബ് ഉപയോഗിക്കുന്നത്.

ജന്മനായുള്ള ഹൃദ്രോഗങ്ങൾ ചികിത്സിക്കുന്നതും ഹൃദയത്തിലെ സുഷിരങ്ങൾ അടയ്ക്കുന്നതും കാത്ത് ലാബിലാണ്. ഹൃദയത്തിന്റെ രക്തധമനികളിലുണ്ടാകുന്ന ബ്ലോക്കുകൾ എളുപ്പത്തിൽ കണ്ടെത്തുന്നതിനും ശരിയായ സമയത്ത് ചികിത്സ ആരംഭിക്കുന്നതിനും ഏറെ ഉപയോഗപ്രദമാണ് ആൻജിയോഗ്രാം പരിശോധന. പരിശോധനയിലൂടെ കണ്ടെത്തുന്ന ബ്ലോക്കുകൾ നീക്കം ചെയ്യാനാണ് ആൻജിയോ പ്ലാസ്റ്റി ചെയ്യുന്നത്.

ആൻജിയോപ്ലാസ്റ്റിയിലാണ് സ്റ്റെന്റുകൾ ഉപയോഗിക്കുന്നത്. സ്വകാര്യ കോർപറേറ്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് സംവിധാനം രാജ്യത്ത് ആദ്യമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ജില്ലാ ആശുപത്രികളിൽ കൂടി വ്യാപിപ്പിച്ച സംസ്ഥാനം കൂടിയാണ് കേരളം.




# വിനോദസഞ്ചാര മേഖലയും മത്സ്യത്തൊഴിലാളികളും പ്രതിസന്ധിയിൽ

**കുമരകം:** ജലാശയങ്ങളിൽ പോള തിങ്ങി നിറഞ്ഞതോടേ വിനോദസഞ്ചാര മേഖലയും കായലിൽ പണിയെടുക്കുന്ന തൊഴിലാളികളും നേരിടുന്നത് വലിയ പ്രതിസന്ധി.

ഉയർന്ന താപനിലയ്ക്കൊപ്പം ജലയാനങ്ങളിലൂടെയുള്ള യാത്രയും തടസപ്പെട്ടതോടെ വിദേശസഞ്ചാരികളും അന്യസംസ്ഥാനക്കാരും ഇപ്പോൾ കുമരകം, അയ്മനം തുടങ്ങിയ സ്ഥലങ്ങളിലേക്കു വിനോദയാത്രയ്ക്കായി എത്തുന്നില്ല. ആഫ്രിക്കൻ പായലും ജർമൻ പോളയും കായൽ ടൂറിസത്തിന് വർഷങ്ങളായി ആഘാതമേല്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാലിതിന് പരിഹാരം കാണാൻ വേണ്ടപ്പെട്ട വകുപ്പുകൾക്കൊന്നും സാധിക്കുന്നില്ല.

ആഫ്രിക്കൻ പായലിനെ തിന്നു നശിപ്പിക്കാൻ കഴിവുള്ള കീടങ്ങളെ കണ്ടെത്തി കാർഷിക വകുപ്പ് വിതരണം നടത്തിയിരുന്നു. ഇതു പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. എന്നാൽ ജർമൻ പോളയുടെ വളർച്ചയ്ക്ക് ഇതുവരെ പ്രതിവിധി കണ്ടെത്താൻ ശാസ്ത്രജ്ഞന്മാർക്കായിട്ടില്ല.

തണ്ണീർമുക്കം ബണ്ട് നിർമിക്കുന്നതിന് മുമ്പ് കുട്ടനാട്ടിൽ പോളയും പായലും ഇത്രയ്ക്ക് ദോഷം ചെയ്തിരുന്നില്ല. ഉപ്പുവെള്ളം കയറാതെ ഇരിപ്പൂ നെൽകൃഷിക്കായി തണ്ണീർമുക്കത്ത് നിർമിച്ച ബണ്ട് വർഷങ്ങളായി മാർച്ച് 15ന് തുറക്കുന്നില്ല. ഏപ്രിൽ പകുതിയോടെ ബണ്ട് തുറക്കുമ്പോൾ വേനൽമഴയും തുടർന്ന് വർഷകാലവും ആരംഭിക്കുന്നതിനാൽ കാര്യമായ തോതിൽ അപ്പർകുട്ടനാട്ടിൽ ഉപ്പുവെള്ളം കയറില്ല.

മഴ പെയ്തു തുടങ്ങുന്നതോടെ പോള അതിവേഗം വളരുകയും ചെയ്യുകയാണ്. ഇതിന് എത്രയും വേഗം പരിഹാരം കണ്ടെത്തണം.

പോളവാരൽ യന്ത്രം ഉപയോഗിച്ചും തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് നാമമാത്രമായി വാരിച്ചും പോളശല്യം ഒഴിവാക്കാനാകില്ലെന്ന് കണ്ടുകഴിഞ്ഞു. പോളയെ നശിപ്പിക്കാൻ ഉതകുന്ന മാർഗങ്ങൾ കണ്ടെത്തിയില്ലെങ്കിൽ കായൽ ടൂറിസവും തകരുകയും കായലിനെ ആശ്രയിച്ച് മത്സ്യബന്ധനം പോലുള്ള തൊഴിൽ ചെയ്തു ജീവിക്കുന്ന തൊഴിലാളികൾ പട്ടിണിയിലാകുകയും ചെയ്യും.

# ഒമാൻ നാഷണൽ യൂണിവേഴ്സിറ്റിയുടെ ഓട്ടിസം അവബോധ പരിപാടിയിലേയ്ക്ക് ഡിഫറന്റ് ആർട് സെന്ററിന് ക്ഷണം

**തിരുവനന്തപുരം:** ഒമാൻ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓട്ടിസം അവബോധ പരിപാടിയിൽ പങ്കെടുക്കാൻ ഡിഫറന്റ് ആർട്ട് സെന്ററിന് ക്ഷണം. ഒമാൻ നാഷണൽ ഓട്ടിസം സെന്റർ, തിരുവനന്തപുരം ഡിഫറന്റ് ആർട്ട് സെന്റർ (ഡി എ സി) എന്നിവയുടെ സഹകരണത്തോടെ എൻ.യു ഓട്ടിസം അവയർനെസ് ഡേ വിത്ത് ഡി.എ.സി. എന്ന് നാമകരണം ചെയ്ത പരിപാടി ഏപ്രിൽ 27 മുതൽ 30 വരെയാണ് നടക്കുന്നത്.

പരിപാടിക്ക് എൻ.യു ഓട്ടിസം അവയർനെസ് ഡേ വിത്ത് ഡി.എ.സി എന്ന പേരു നൽകിയിരിക്കുന്നത് തന്നെ ഡിഫറന്റ് ആർട് സെന്റർ നടത്തി വരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിട്ടാണ്. പരിപാടിയിൽ ഡി എ സി പ്രത്യേകമായി വികസിപ്പിച്ചെടുത്ത ഇന്ദ്രജാല കലാധിഷ്ഠിത ബോധന മാതൃക ഏപ്രിൽ 29ന് അവതരിപ്പിക്കും. ഡി എ സി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട്, ഡിഫറന്റ് ആർട്ട് സെന്ററിൽ പരിശീലനം നേടുന്ന അഞ്ചു കുട്ടികൾ, രക്ഷിതാക്കൾ എന്നിവരടങ്ങുന്ന സംഘമാണ് സർവകലാശാല വൈസ് ചാൻസലർ ഡോ.അലി ബിമാനിയുടെ ഔദ്യോഗിക ക്ഷണത്തെ തുടർന്ന് പരിപാടിയിൽ പങ്കെടുക്കുക. ക്രിസ്റ്റീൻ റോസ് ടോജോ, റുക്സാന അൻവർ, വിഷ്ണു.ആർ, ആർദ്ര അനിൽ, അപർണ സുരേഷ് എന്നീ കുട്ടികളാണ് ഡിഫറന്റ് ആർട്ട് സെന്ററിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത്. ഒമാൻ നാഷണൽ യൂണിവേഴ്സിറ്റി ഫാക്കൽറ്റി അംഗങ്ങൾ, ഗവൺമെന്റ് പ്രതിനിധികൾ, ഭിന്നശേഷി മേഖലയിലെ പ്രഗത്ഭർ എന്നിവർക്ക് മുമ്പിൽ ഡിഫറന്റ് ആർട്ട് സെന്ററിന്റെ പരിശീലനത്തിലൂടെ ആർജിച്ചെടുത്ത കഴിവുകൾ ഭിന്നശേഷിക്കാരായ കുട്ടികൾ അവതരിപ്പിക്കും.

ഭിന്നശേഷികാരായ കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും സമഗ്രവികസനത്തിനായി ആരംഭിച്ച ഡിഫറന്റ് ആർട് സെന്ററിന്റെ ബോധന മാതൃക പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പരിശീലന പരിപാടിയിലൂടെ കുട്ടികളിൽ വന്ന മാനസിക ബൗദ്ധിക ശാരീരിക നിലകളിലെ മാറ്റത്തെക്കുറിച്ച് ഗവൺമെന്റ് ഏജൻസികളായ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, ഐക്കൺസ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ ഡി.എ.സി മാതൃക നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങളും നടന്നു വരികയാണ്.

# 80,000 അധ്യാപകർക്കായി കൈറ്റിന്റെ എ.ഐ. പ്രായോഗിക പരിശീലനം

**തിരുവനന്തപുരം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ.) സാധ്യതകൾ പൊതു വിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സെക്കൻഡറിതലം മുതലുള്ള അധ്യാപകർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ പ്രായോഗിക പരിശീലനം മെയ് 2 ന് ആരംഭിക്കും. സംസ്ഥാനത്തെ എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 80,000 അധ്യാപകർക്ക് 2024 ആഗസ്റ്റ് മാസത്തോടെ എ.ഐ. പരിശീലനം പൂർത്തിയാക്കാൻ ഫെബ്രുവരിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിച്ചതിന്റെഅടിസ്ഥാനത്തിലാണ് പരിശീലനം.

25 പേരടങ്ങുന്ന വിവിധ ബാച്ചുകളിലായാണ് പരിശീലനം. എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ സ്വകാര്യത ഉറപ്പാക്കാൻ അധ്യാപകർക്ക് കൈറ്റ് നൽകിയ ജിസ്യൂട്ട് അക്കൗണ്ടുകൾ ഉപയോഗിക്കും. അതുപോലെ സ്ഥിരമായി കുറച്ച് എ.ഐ. ടൂളുകൾ മാത്രം ഉപയോഗിക്കുന്നതിന് പകരം കൈറ്റിന്റെ വിദഗ്ധ സമിതി പരിശോധിച്ച് നിർദേശിക്കുന്ന എ.ഐ. ടൂളുകളായിരിക്കും അതത് സമയങ്ങൾ പരിശീലനത്തിന് ഉപയോഗിക്കുന്നത്. ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും റിസോഴ്സുകൾ ഭിന്നശേഷി സൗഹൃദമായി പരുവപ്പെടുത്താനും പരിശീലനം വഴി അധ്യാപകർക്ക് സാധിക്കും.

180 മാസ്റ്റർ ട്രെയിനർമാർക്ക് ഒരു മാസത്തെ പരിശീലനം കൈറ്റ് പൂർത്തിയാക്കി. ഹയർ സെക്കന്ററിഹൈസ്കൂൾ ഐ.ടി. കോഓർഡിനേറ്റർമാർക്കും, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാർക്കും ആണ് ആദ്യ ബാച്ചുകളിൽ പരിശീലനം. കൈറ്റ് വെബ്സൈറ്റിലെ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം വഴി പരിശീലനം നേടേണ്ട അധ്യാപകർക്ക് രജിസ്റ്റർ ചെയ്യാം.

# പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തിയ ഡിപ്ലോമ നവംബർ 2023 (റിവിഷൻ 2015, 2019ജ, 2021, ഏപ്രിൽ 2022 (റിവിഷൻ 2010) പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന്റെ ഫലം www.beta.sbte.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

# കാലിക്കറ്റ് പ്രസ്സ് ക്ലബ്ബ് അവാർഡുകൾക്ക് എൻട്രി ക്ഷണിച്ചു

**കോഴിക്കോട്:** കാലിക്കറ്റ് പ്രസ്സ് ക്ലബിന്റെ 2023ലെ തെരുവത്ത് രാമൻ, പി. ഉണ്ണികൃഷ്ണൻ, മുഷ്താഖ്, പി. അരവിന്ദാക്ഷൻ അവാർഡുകൾക്ക് മാധ്യമപ്രവർത്തകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രദീപം പത്രാധിപരായിരുന്ന തെരുവത്ത് രാമന്റെ പേരിലുള്ള അവാർഡ് മലയാളം പത്രങ്ങളിലെ മികച്ച മുഖ പ്രസംഗത്തിനുള്ളതാണ്. 15,001 / രൂപയും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. പി.ടി.ഐ. ജനറൽ മാനേജരായിരുന്ന പി. ഉണ്ണികൃഷ്ണന്റെ പേരിൽ ഏർപ്പെടുത്തിയ അവാർഡ് ടെലിവിഷൻ ചാനലുകളിലെ ഏറ്റവും മികച്ച ജനറൽ റിപ്പോർട്ടിനാണ്. 15,000/ രൂപയാണ് അവാർഡ്. മലയാളം ടിവി ചാനലുകളിൽ സംപ്രേഷണം ചെയ്ത ഏഴുമിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്.

കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടെ നൽകുന്ന മുഷ്താഖ് സ്പോർട്സ് ജേർണലിസം അവാർഡ് അച്ചടി മാധ്യമങ്ങളിൽ വന്ന മികച്ച സ്പോർട്സ് റിപ്പോർട്ട്/ പരമ്പരയ്ക്കാണ്. കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടെ നൽകി വരാറുള്ള മുഷ്താഖ് സ്പോർട്സ് ഫോട്ടോഗ്രാഫി അവാർഡ് കേരളത്തിലിറങ്ങുന്ന പത്രങ്ങളിൽ വന്ന ഫോട്ടോകൾക്കാണ്. 300 പിക്സൽ റിസൊല്യൂഷനിൽ അഞ്ച് എംബിയിൽ കൂടാതെ ഇമേജ് സൈസിൽ ഫോട്ടോകൾ അടിക്കുറിപ്പ് സഹിതം എന്ന cpcaward24@gmail.com ഇമെയിൽ ഐ.ഡിയിൽ അയയ്ക്കണം. ഇതിന്റെ പകർപ്പ് തപാലിൽ അയയ്ക്കേണ്ടതില്ല. ബയോഡാറ്റയും ഫോട്ടോ അച്ചടിച്ചുവന്ന പത്രത്തിന്റെ ഡിജിറ്റൽ കോപ്പിയും ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രവും ഇതോടൊപ്പം ഇമെയിൽ ചെയ്യണം. 15,000/ രൂപയാണ് മുഷ്ത്താഖ് അവാർഡ് തുക.

കാലിക്കറ്റ് പ്രസ് ക്ലബിന്റെ സ്ഥാപക പ്രസിഡന്റും മലയാള മനോരമ തിരുവനന്തപുരം യൂണിറ്റ് മുൻ റസിഡന്റ് എഡിറ്ററുമായിരുന്ന അന്തരിച്ച പി.അരവിന്ദാക്ഷന്റെ പേരിൽ കുടുംബവും കാലിക്കറ്റ് പ്രസ് ക്ലബും ചേർന്നാണ് 'പി.അരവിന്ദാക്ഷൻ സ്മാരക മാധ്യമ പുരസ്കാരം' ഈ വർഷം മുതൽ നൽകുന്നത്. 20,000 / രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. 2023 ന് മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ച രാഷ്ട്രീയ റിപ്പോർട്ടുകൾ, അവലോകനങ്ങൾ, നിരീക്ഷണങ്ങൾ എന്നിവയാണ് അവാർഡിനായി പരിഗണിക്കുന്നത്.

2023 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സംപ്രേഷണം ചെയ്ത റിപ്പോർട്ട്/ഫീച്ചർ/ചിത്രം എന്നിവയാണു അവാർഡിന് പരിഗണിക്കുക. റിപ്പോർട്ടുകളുടെ ഒറിജിനലും മൂന്ന് പകർപ്പുകളും, ബയോഡാറ്റയും ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ സാക്ഷ്യപത്രവും സഹിതം അയക്കണം. ടെലിവിഷൻ അവാർഡിനുള്ള എൻട്രികൾ ഡിവിഡിയിലോ (മൂന്നു കോപ്പി), പെൻഡ്രൈവിലോ നൽകാം. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണപാഠം എന്നിവ എഴുതി നൽകണം.

ഒരാൾക്ക് ഒരു അവാർഡിന് ഒരു എൻട്രി മാത്രമേ അയക്കാൻ പാടുള്ളൂ. എൻട്രികൾ 2024 മെയ് 15നകം സെക്രട്ടറി, കാലിക്കറ്റ് പ്രസ്സ് ക്ലബ്, കോഴിക്കോട് 673001 എന്ന വിലാസത്തിൽ ലഭിക്കണം. കവറിന് പുറത്ത് ഏത് അവാർഡിനുള്ള എൻട്രിയാണെന്നും വ്യക്തമാക്കണം. യോഗ്യമായ എൻട്രികൾ ഇല്ലെങ്കിൽ അവാർഡ് നൽകാതിരിക്കാനും ജൂറിക്ക് അധികാരമുണ്ടായിരിക്കും.

# സ്വീപ് സൗഹൃദ ഫുട്ബോൾ മത്സരം; സിവിൽ സർവീസ് മലപ്പുറം ജേതാക്കൾ

**മലപ്പുറം:** തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ സ്വീപിന്റെ ഭാഗമായി മലപ്പുറം ജില്ലാ ഭരണകൂടവും ജില്ലാ സ്പോർട്സ് കൗൺസിലും ചേർന്ന് സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. എടപ്പാൾ ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സിവിൽ സർവീസ് മലപ്പുറവും ഇ.എസ്.എ.സി എടപ്പാൾ ടീമും മാറ്റുരച്ചു. മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് സിവിൽ സർവീസ് ടീം ജേതാക്കളായി. സിവിൽ സർവീസ് ടീമിന് വേണ്ടി മുൻ സന്തോഷ് ട്രോഫി താരം രഞ്ജിത്താണ് ഇരു ഗോളുകളും നേടിയത്. മത്സരത്തിന് മുന്നോടിയായി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രതിജ്ഞ ജില്ലാ കളക്ടർ വി.ആർ വിനോദ് ചൊല്ലിക്കൊടുത്തു.

ജില്ലാ കളക്ടർ വി.ആർ വിനോദ്, അസി. കളക്ടർ സുമിത് കുമാർ ഠാക്കൂർ, സ്പോർട്സ് കൗൺസിൽ കോച്ചും കേരള വനിതാ ഫുട്ബോൾ മുൻ ക്യാപ്റ്റനുമായ നജ്മുന്നിസ, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി വി.ആർ അർജുൻ എന്നിവർ സിവിൽ സർവീസ് ടീമിനായും തിരൂർ സബ് കളക്ടർ സച്ചിൻ കുമാർ യാദവ്, എ.എസ്.പി കിരൺ എന്നിവർ ഇ.എസ്.എ.സി എടപ്പാൾ ടീമിനായും കളത്തിലിറങ്ങി.

തിരഞ്ഞെടുപ്പ് പൊതു നിരീക്ഷകരായ അവദേശ് കുമാർ തിവാരി (മലപ്പുറം), പുൽകിത് ആർ ആർ ഖരേ (പൊന്നാനി), ചെലവ് നിരീക്ഷകരായ ആദിത്യ സിങ് യാദവ് (മലപ്പുറം), പ്രശാന്ത് കുമാർ സിൻഹ (പൊന്നാനി), പെരിന്തൽമണ്ണ സബ് കളക്ടർ അപൂർവ ത്രിപാഠി, ഒറ്റപ്പാലം സബ് കളക്ടർ ഡോ. മിഥുൻ പ്രേംരാജ് തുടങ്ങിയവർ മത്സരം വീക്ഷിക്കാനെത്തിയിരുന്നു.



# കാഡ്സ് ഗ്രീൻ ഫെസ്റ്റിന് തുടക്കമായി

**തൊടുപുഴ:** പത്താമുദയത്തോടനുബന്ധിച്ച് കാഡ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന ഗ്രീൻ ഫെസ്റ്റിന് തുടക്കമായി. പി.ജെ. ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കാഡ്സ് ചെയർമാൻ ആന്റണി കണ്ടിരിക്കൽ അധ്യക്ഷത വഹിച്ചു.

സൗജന്യ ഇളനീർ തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ് നിർവഹിച്ചു.

തരിശായി കിടക്കുന്ന കൃഷിഭൂമി ഏറ്റെടുത്ത് ശാസ്ത്രീയവും വാണിജ്യ പ്രാധാന്യമുള്ളതുമായ കൃഷിയിറക്കുന്ന ഹരിതം മധുരം പദ്ധതിയുടെ ഉദ്ഘാടനം റവ. ഡോ. സ്റ്റാൻലി കുന്നേൽ നിർവഹിച്ചു.

വിവിധ കാർഷിക മേഖലകളിൽ അവാർഡ് നേടിയ ജേതാക്കളെ നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.ജി. രാജശേഖരൻ ആദരിച്ചു.

പ്രസ് ക്ലബ് സെക്രട്ടറി ജയിസ് വാട്ടപ്പിള്ളിൽ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് ബേബി ജോർജ്, കെഐച്ച്എഫ്എ പ്രസിഡന്റ് എം.എൻ. ബാബു, എം.സി. മാത്യു, പ്രഫ. ജോസഫ് അഗസ്റ്റിൻ, എൻ. രവീന്ദ്രൻ, ജേക്കബ് മാത്യു, എൻ.ജെ. മാമച്ചൻ എന്നിവർ പ്രസംഗിച്ചു.



എറണാകുളം സൗത്ത് ലോട്ടസ് ക്ലബ്ബിൽ നടന്ന മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ (എം.എൽ.ഒ.എ) എറണാകുളം ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് എസ് വിജയൻ പിള്ള ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറിപി കെ രജീഷ് കുമാർ, സ്റ്റേറ്റ് ട്രഷറർ ആർ ജോയിദാസ്, ജില്ലാ പ്രസിഡണ്ട് ബിജു നമ്പിത്താനം, ഡോ. ജെ സുരേഷ് കുമാർ, നൗഷാദ് മേത്തർ, ഷിറാസ് സലിം, ആന്റണി എലിജിയസ്, ജോമി പോളി, മുരളി ജി, മനോജ് കെ എച്ച് , സി ജെ ഏലിയാസ്, ഡോക്ടർ അബ്ദുല്ല തുടങ്ങിയവർ സമീപം .

# മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം നടന്നു

**കൊച്ചി:** മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ (എം.എൽ.ഒ.എ) എറണാകുളം ജില്ലാ സമ്മേളനം നടന്നു. എറണാകുളം സൗത്ത് ലോട്ടസ് ക്ലബ്ബിൽ നടന്ന സമ്മേളനം അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എസ് വിജയൻ പിള്ള ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ബിജു നമ്പിത്താനം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും പ്രഖ്യാപനവും നടന്നു. പുതിയ ഭാരവാഹികളായി ജില്ലാ പ്രസിഡണ്ട് ബിജു നമ്പിത്താനം, ജില്ലാ സെക്രട്ടറി ജോമി പോളി, ജില്ലാ ട്രഷറർ മുരളി. ജി എന്നിവരെ എതിരില്ലാതെ വീണ്ടും തിരഞ്ഞെടുത്തു. സംസ്ഥാന ജനറൽ സെക്രട്ടറിപി കെ രജീഷ് കുമാർ, സ്റ്റേറ്റ് ട്രഷറർ ആർ ജോയിദാസ്, ഡോ. ജെ സുരേഷ് കുമാർ, നൗഷാദ് മേത്തർ, ഷിറാസ് സലിം, ആന്റണി എലിജിയസ്, ജോമി പോളി, മുരളി ജി, മനോജ് കെ എച്ച് , സി ജെ ഏലിയാസ്, ഡോക്ടർ അബ്ദുല്ല തുടങ്ങിയവർ പ്രസംഗിച്ചു.

# വീട്ടിൽ വോട്ട്: ഇതുവരെ വോട്ട് രേഖപ്പെടുത്തിയവർ 81 ശതമാനം

**തിരുവനന്തപുരം:** മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സ്വന്തം വീട്ടിൽതന്നെ വോട്ട് ചെയ്യുന്നതിന് ഒരുക്കിയിട്ടുള്ള വീട്ടിൽ വോട്ട് പ്രക്രിയയ്ക്ക് അപേക്ഷിച്ചവരിൽ 81 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. സംസ്ഥാനത്ത് ഇതുവരെ 1,42,799 പേർ വീട്ടിൽ വോട്ട് ചെയ്തു. 85 വയസ്സിൽ കൂടുതൽ പ്രായമുള്ള 1,02,285 പേരും ഭിന്നശേഷിക്കാരായ 40,514 പേരും ഇതിൽപ്പെടുന്നു. ഏപ്രിൽ 25 വരെ വീട്ടിൽ വോട്ട് തുടരും.പോലീസ്, മൈക്രോ ഒബ്സർവർ, വീഡിയോഗ്രാഫർ, പോളിംഗ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സംഘമാണ് വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുക. തിരഞ്ഞെടുപ്പ് സംഘത്തിന്റെ സന്ദർശനം സംബന്ധിച്ച വിവരം മുൻകൂട്ടി അറിയിക്കും.



# സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മിന്നൽ പരിശോധന

**തിരുവനന്തപുരം:** അവധിക്കാലത്ത് തിരക്ക് വർധിച്ചതോടെ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ മിന്നൽ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തി. ആദ്യഘട്ടമായി മൂന്നാർ, ചിന്നക്കനാൽ, മാങ്കുളം തുടങ്ങി പ്രദേശങ്ങളിലെ റിസോർട്ടുകളിലും ഭക്ഷണ വിൽപന കേന്ദ്രങ്ങളിലുമാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിയത്. മൂന്ന് സ്ക്വാഡുകളുടെ നേതൃത്വത്തിൽ 102 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി. നിയമ ലംഘനം കണ്ടെത്തിയ 17 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഒരാഴ്ചക്കുള്ളിൽ ഈ സ്ഥാപനങ്ങളിൽ വീണ്ടും പരിശോധന നടത്തും. നിയമ ലംഘനം ആവർത്തിച്ചാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്താൻ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ തുടരുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. മൂന്നാർ കൂടാതെ വിനോദ സഞ്ചാരികൾ കൂടുതൽ എത്തുന്ന വയനാട്, വാഗമൺ, അതിരപ്പിള്ളി ഉൾപ്പടെയുള്ള പ്രദേശങ്ങളിലും വരും ദിവസങ്ങളിൽ പരിശോധന നടത്തുന്നതാണ്. ഭക്ഷ്യ വിതരണം നടത്തുന്നവർ ഭക്ഷ്യ സുരക്ഷാ ലൈസൻസോടെ മാത്രമേ പ്രവർത്തിക്കാവൂ. കൂടാതെ സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

അവധിക്കാലം ആഘോഷിക്കാൻ നിരവധി വിനോദ സഞ്ചാരികളാണ് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്നത്. തിരക്ക് കൂടിയതോടെ ഭക്ഷണ വിൽപനയിലും വർധനവുണ്ടായിട്ടുണ്ട്. വിൽപന കൂടുന്നത് സുരക്ഷിതമായ ഭക്ഷണം വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയേക്കാമുള്ള സാധ്യത കണക്കിലെടുത്താണ് പരിശോധനകൾ കർശനമാക്കിയത്.

സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ അജി. എസ്, എ ഫ് . എ സ്.ഒ.മാരായ ജോസഫ് കുര്യാക്കോസ്, സ്നേഹ വിജയൻ, ആൻ മേരി ജോൺസൺ എന്നിവർ നേതൃത്വം നൽകി.

# വോട്ട് ചെയ്യുന്നവർക്ക് ടിക്കറ്റുകളിൽ 15% കിഴിവ് പ്രഖ്യാപിച്ച് വണ്ടർല കൊച്ചി




**കൊച്ചി:** വോട്ടിംഗിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി, ഇന്ത്യയിലെ ഏറ്റവും വലിയ അമ്യൂസ്മെന്റ് പാർക്കായ വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് തങ്ങളുടെ കൊച്ചി പാർക്കിൽ വോട്ടിംഗ് മാർക്ക് കാണിക്കുന്ന സന്ദർശകർക്ക് ഏപ്രിൽ 26 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ ടിക്കറ്റ് നിരക്കിൽ 15% ഓഫർ പ്രഖ്യാപിച്ചു. ഈ ഓഫർ ഓൺലൈൻ വഴി മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ഓഫർ ലഭ്യമാക്കാൻ മഷി പുരട്ടിയ വിരൽ പാർക്ക് പ്രവേശന കവാടത്തിൽ പരിശോധിച്ച് ഉറപ്പിക്കും.

'ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന നിലയിൽ, വോട്ട് ചെയ്യുന്നത് രാജ്യത്തോടുള്ള നമ്മുടെ കടമയാണ്. വ്യക്തികളെ വോട്ടുചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ ചെറിയ ചുവടുവെപ്പാണ് ഈ സംരംഭമെന്ന് ഞങ്ങൾ ശക്തമായി വിശ്വസിക്കുന്നു,' വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ അരുൺ ചിറ്റിലപ്പിള്ളി പറഞ്ഞു. വണ്ടർലയുടെ ഓൺലൈൻ പോർട്ടൽ വഴി (https://bookings.wonderla.com) എൻട്രി ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൊച്ചി പാർക്കിന്റെ 04843514001, 7593853107 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ക്രെയിനുകളുമായി ഏഴാമത്തെ കപ്പലും വിഴിഞ്ഞം തീരത്തെത്തി

**വിഴിഞ്ഞം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനാവശ്യമായ ക്രെയിനുകളുമായി ചൈനയിൽ നിന്നുള്ള ഏഴാമത്തെ കപ്പലും ഇന്നലെ വാർഫിലടുത്തു.



ഒന്നാംഘട്ടത്തിന് ഇനിയും വേണ്ട അഞ്ച് ക്രെയിനുകളുമായി അവസാന കപ്പൽ അടുത്തയാഴ്ചയോടെ തുറമുഖത്ത് എത്തും . രണ്ട് കൂറ്റൻ ഷിപ്പ് ടു ഷോർ ക്രെയിനുകളും നാല് യാർഡ് ക്രെയിനുകളുമായി ഷെൻഹുവാ സീരീസിലെ 35 ാമൻ ഇന്നലെ ഉച്ചയോടെയാണ് വിഴിഞ്ഞം തുറമുഖത്ത് എത്തിയത്.

രാവിലെ പുറംകടലിൽ നങ്കൂരമിട്ട കപ്പലിനെ അദാനിയുടെ വക ഹൈസ്പീഡ് ടഗ്ഗായ ഡോൾഫിനും മറ്റ് രണ്ട് ടഗ്ഗുകളും ചേർന്ന് തീരത്തടുപ്പിച്ചു. തീരദേശ പോലീസിന്റെ പട്രോൾ ബോട്ടും മൂന്ന് വാടക വള്ളങ്ങളും സുരക്ഷിതമായ വഴിയൊരുക്കി . ഒന്നാംഘട്ട നിർമാണത്തിനാവശ്യമായ 32 ക്രെയിനുകളിൽ 27 എണ്ണവും എത്തിക്കഴിഞ്ഞു. ഇനി വേണ്ട അഞ്ച് ക്രെയിനുകളുമായി ഷെൻഹുവ 34 ചൈനീസ് തുറമുഖമായ ഷാങ്ഹായിൽ നിന്ന് വിഴിഞ്ഞം ലക്ഷ്യമാക്കി തിരിച്ചതായാണറിവ്.


